ദ്വിവത്സര കോഴ്സിന് അപേക്ഷിക്കാം

കോതമംഗലം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ തങ്കളം ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ദ്വിവത്സര ഡിപ്ലോമ ഇൻ-കംപ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് കോഴ്സിലേക്ക് പുതിയ അധ്യയന വർഷത്തേക്കുള്ള പ്രവേശനത്തിന് അപേക്ഷിക്കാം. എസ്. എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. www.polyadmission.org/gci എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ നൽകാനുള്ള അവസാന തീയതി ജൂലായ് 12. അപേക്ഷാ ഫീസ് പൊതുവിഭാഗത്തിന് 100 രൂപയും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് 50 രൂപയുമാണെന്ന് സൂപ്രണ്ട് അറിയിച്ചു. ഫോൺ: 99610 05938, 94470 17429.

ലഹരിക്കെതിരേ തൂഫാൻ ഗോൾ ചലഞ്ച്

മട്ടാഞ്ചേരി: സെന്റ് മേരീസ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹൈസ്കൂളിൽ ഫിഫ ലോക കപ്പ് ഫുട്ബോൾ മത്സരത്തിനോടനുബന്ധിച്ച് ലഹരിക്കെതിരെ ഒരു കോടി ഗോൾ എന്ന ആശയത്തിൽ തൂഫാൻ ഗോൾ ചലഞ്ച് മത്സരം സംഘടിപ്പിച്ചു .ഫിറ്റ് ഇന്ത്യാ അവാർഡ് ജേതാവും ഫുട്ബോൾ പരിശീലകനുമായ റുഫസ് ഡിസൂസ ഗോളടിച്ചു മത്സരം ഉദ്ഘാടനം ചെയ്തു. പ്രധാന അധ്യാപിക സിസ്റ്റർ ഷൈനി തോമസ് അധ്യക്ഷത വഹിച്ചു.

കർഷകർക്ക് ഊന്നൽ നൽകിയ ബജറ്റ്: കർഷക കോൺഗ്രസ്

കോതമംഗലം:ധനകാര്യ വകുപ്പിന്റെ കൂടി ചുമതല വഹിക്കുന്ന മുഖ്യമന്ത്രി വി.ഡി. സതീശന്റെ കന്നി ബജറ്റ് കർഷകർക്ക് ഉണർവും ആശ്വാസവും ലഭിക്കുന്നതാണെന്ന് കർഷക കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി പി.സി. ജോർജ് പറഞ്ഞു. വനാതിർത്തി മേഖലയ്ക്ക് 292 കോടി രൂപയും വന്യമൃഗ സംരക്ഷണാർഥം വനമേഖലയ്ക്കുള്ളിൽ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാൻ 92 കോടി രൂപയും റബ്ബർ കിലോയ്ക്ക് 250 രൂപ താങ്ങുവിലയുമാണ് ബജറ്റിൽ പ്രഖ്യാപിച്ചത്.ഈ വിഷയങ്ങൾ സംബന്ധിച്ച് ഷിബു തെക്കുംപുറം എം.എൽ.എ.യുടെ നേതൃ ത്വത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശന് വിശദമായ നിവേദനം കർഷകനേതാക്കൾ നൽകിയിരുന്നു.

ടേബിൾ ടെന്നിസിന് ബജറ്റ് വിഹിതം; സ്വാഗതം ചെയ്തു

ആലപ്പുഴ: സംസ്ഥാന ബജറ്റിൽ ആലപ്പുഴ വൈഎംസിഎ ടേബിൾ ടെന്നിസ് അക്കാദമിക്കും എസ്ഡിവി ടേബിൾ ടെന്നീസ് അക്കാദമിക്കും 25 ലക്ഷം രൂപ അനുവദിച്ചതിനെ ആലപ്പുഴ ഡിസ്ട്രിക്ട് ടേബിൾ ടെന്നിസ് അസോസിയേഷൻ (എ ഡിടിടിഎ) സെക്രട്ടറി കൃഷ്ണൻ വേണുഗോപാൽ സ്വാഗതം ചെയ്തു.ടേബിൾ ടെന്നിസ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കായിക മേഖലയിലെ കൂടുതൽ വളർച്ചയ്ക്കും ബജറ്റിൽ അനുവദിച്ച തുക ഏറെ സഹായകരമാകുമെന്ന് വൈഎംസിഎ പ്രസിഡന്റ് മൈക്കിൾ മത്തായി സൂചിപ്പിച്ചു. ബജറ്റ് പ്രൊപോസൽ വെച്ച എ.ഡി. തോമസ് എംഎൽഎയ്ക്ക് നന്ദി അറിയിച്ചു.

എന്നെ കാട് കയറ്റാമെന്ന് നിങ്ങൾ കരുതണ്ട...

കാട്ടിലേയ്ക്കു തുരത്തിയ കാട്ടാന വീണ്ടും തിരികെയെത്തി

കോതമംഗലം: വ്യാഴാഴ്ച്ച രാവിലെ ഭൂതത്താൻകെട്ട് ബറാജിനു താഴ്ഭാഗത്തുകൂടി പെരിയാർ കടന്നു വനത്തിലേക്കു പോയ കാട്ടാന രാത്രി ജനവാസമേഖലയിൽ തിരികെയെത്തി.പെരിയാറിനു സമീപത്തെ പുരയിടങ്ങളിലും കൃഷിയിടങ്ങളിലും ചുറ്റിക്കറങ്ങിയ ആന കാർഷിക വിളകൾ നശിപ്പിച്ചു. കോഴിഫാമിലേക്കുള്ള വൈദ്യുതി കണക്ഷന്റെ സർവീസ് വയർ പൊട്ടിച്ചെങ്കിലും ഷോക്കേൽക്കാതെ രക്ഷപ്പെട്ടു.രണ്ടാഴ്ചയിലധിമായി പിണ്ടിമന പഞ്ചായത്തിൽ പതിവു സാന്നിധ്യമായ ഈ പിടിയാനയെ ഉൾവനത്തിലേക്കു തുരത്തുമെന്നു കലക്ടർ ഉൾപ്പെടെ അധികൃതർ ജനപ്രതിനിധികൾക്ക് ഉറപ്പുനൽകിയിരുന്നു. എന്നാൽ, വനപാലകരുടെ ഭാഗത്തുനിന്നു പതിവു തുരത്തൽ മാത്രമാണുണ്ടാകുന്നത്. ആനയെ കണ്ടത്തിയാൽ കോട്ടപ്പാറ പ്ലാന്റേഷനിലേക്കോ പെരിയാറിലേക്കോ ഇറക്കിവിടുക മാത്രമാണ് ഇതുവരെയുണ്ടായ നടപടി. ആന മണിക്കൂറുകൾക്കകം തിരികെയെത്തുകയും ചെയ്യും. ആനയെ മയക്കു വെടിവച്ചു പിടികൂടി മാറ്റണമെന്ന ആവശ്യത്തോടു വനംവകുപ്പിന് യോജിപ്പില്ല.



കാട്ടിലേയ്ക്കു തുരത്തിയ കാട്ടാന നാട്ടിൽ തിരികെയെത്തിപ്പോൾ.

എംഎ കോളെജിൽ അധ്യാപക ഒഴിവ്

കോതമംഗലം : കോതമംഗലം മാർ അത്തനേഷ്യസ് കോളെജിൽ ആക്ച്ചുറിയൽ സയൻസ് വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക ഒഴിവ്. എറണാകുളം വിദ്യാഭ്യാസ ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് പാനലിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം. ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ 30 ചൊവ്വ രാവിലെ 10 മണിക്ക് എം. എ. കോളേജ് അസോസിയേഷൻ ഓഫീസിൽ അഭിമുഖത്തിന് എത്തിച്ചേരണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. വിവരങ്ങൾക്ക് 0485-2822378.

ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

കോതമംഗലം: മാർ അത്തനേഷ്യസ് കോളെജിൽ രണ്ടും, മൂന്നും വർഷ ബിരുദ പ്രോഗ്രാമിലേക്ക് മറ്റ് കോളെജുകളിൽ നിന്ന് അപേക്ഷിക്കുന്നവർക്ക് അതിനുള്ള സൗകര്യം ഇപ്പോൾ കോളെജ് അഡ്മിഷൻ പോർട്ടലിൽ ലഭ്യമാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾ ഈ മാസം 30 ന് മുൻപായി www.macollege.ac.in എന്ന വെബ്സൈറ്റിൽ അപേക്ഷിക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

‘അക്ഷരോത്സവം-2026’

പെരുമ്പാവൂർ: കേരള പ്രദേശ് ഗാന്ധി ദർശൻവേദി പെരുമ്പാവൂർ നിയോജക മണ്ഡലം കമ്മിറ്റിയും, വായനപൂർണ്ണിമയും സംയുക്തമായി സംഘടിപ്പിക്കുന്ന വായന വാരാചരണാഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന അക്ഷരോത്സവം-2026 ന്റെ ഉദ്ഘാടനം റേഞ്ച് ഡി.ഐ.ജി. യധീഷ് ചന്ദ്ര ഐ.പി.എസ് നിർവഹിച്ചു.

ആലുവ എസ്.പി. കെ.എസ്. സുദർശൻ ഐ പി എസ്, എ.എസ്.പി. ഹാർദിക് മീണ ഐ.പി.എസ്, ഗാന്ധി ദർശൻവേദി സംസ്ഥാന സെക്രട്ടറി എം.പി. ജോർജ്, വായന പൂർണ്ണിമ ചീഫ് കോ ഓർഡിനേറ്റർ ഇ.വി. നാരായണൻ, ജില്ലാ ചെയർമാൻ എം.എം. ഷാജഹാൻ, ജില്ലാ സെക്രട്ടറി പി. കൃഷ്ണമോഹൻ, നിയോ. മണ്ഡലം ചെയർമാൻ ബിജോയ് വർഗ്ഗീസ്, സെക്രട്ടറി പി.എ. നജീബ്, എസ്.എച്ച്.ഒ. എൽ. അനിൽകുമാർ, ഇൻസ്പെക്ടർമാരായ എം.ആർ. അരുൺ കുമാർ, വി. രാജേഷ് കുമാർ, സബ് ഇൻസ്പെക്ടർ റെജി ജോസ് എന്നിവർ സംസാരിച്ചു.

സർക്കാർ കാര്യാലയങ്ങൾ, വിദ്യാലയങ്ങൾ, കെഎസ്ആർടിസി ഡിപ്പോ, യാത്രി നിവാസ് തുടങ്ങിയ കേന്ദ്രങ്ങളിൽ പ്രതിദിന പുസ്തക വിതരണ സദസ്സുകളും, അക്ഷര സംഗമവും നടക്കും, വീട്ടിൽ സജ്ജീകരിക്കുന്ന വായനശാല, വായന കുറിപ്പ് ഇവയ്ക്ക് പുരസ്കാരം, എഴുത്തുകാരെ ആദരിക്കൽ തുടങ്ങി ഒരു മാസം നീളുന്ന സാഹിത്യ ഉത്സവത്തിന് കവി ബാലാമണിയമ്മയുടെ ജന്മദിനമായ ജൂലൈ 19 ന് സമാപനം കുറിക്കും.

വടക്കേക്കര പഞ്ചായത്തിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ പാളി

പറവൂർ: വടക്കേക്കര പഞ്ചായത്തിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ പാളി. പല വാർഡുകളിലും ഒരു പ്രവർത്തനം പോലും നടത്താൻ കഴിഞ്ഞിട്ടില്ല.

മഴക്കാലം വരുന്നതിന് മുൻപ് വാർഡ് സാനിറ്റേഷൻ കമ്മറ്റി കൂടി വാർഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി കാനകൾ, മാലിന്യം നിറഞ്ഞ തോടുകൾ, റോഡരികിലെ പുല്ലു വെട്ട്, വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മട വേസ്റ്റ് എന്നീ വർക്കുകൾ ജൂൺ 1 ന് മുൻപായി ചെയ്യേണ്ടതാണ്. പല വാർഡുകളിലും ചെയ്തിട്ടില്ല. ശുചികരണ പ്രവർത്തനം പൂർണമായി നടക്കാത്തത് മൂലം ഓരോ ദിവസം ചെല്ലുന്തോറും പനി അടക്കമുള്ള പകർച്ച രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നു.

ശുചികരണ പ്രവർത്തനം നടത്തുന്നതിനായി ഓരോ വാർഡുകൾക്ക് 20000 രൂപ സാനിറ്റേഷൻ ഫണ്ട് ഉണ്ട്. എന്നാൽ ഒരു വാർഡിൽ പോലും സാനിറ്റേഷൻ കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് ഫണ്ട് എത്തിയില്ല. ഇതാണ് ശുചികരണ പ്രവർത്തനം പൂർണ മായി നടക്കാതെ പോവാൻ കാരണമെന്ന് പഞ്ചായത്ത് അംഗങ്ങളായ എം ഡി മധുലാൽ , ടികെ ഷാരി, കെകെ ഗിരീഷ്, ടി സി ജോർജ് , പിഡി സലിം , ജീന ബിജു, സുബിത അജു, നിത രാജീവ് എന്നിവർ പറഞ്ഞു.

വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റി തെരഞ്ഞെടുപ്പ് 30ന്

കൊച്ചി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റിയുടെ 2026-2028 വർഷത്തേയ്ക്കുള്ള ഭാരവാഹി തിരഞ്ഞെടുപ്പ് ജൂൺ 30-ന് എറണാകുളം ടൗൺ ഹാളിൽ നടക്കുമെന്ന് ജില്ലാ ഭാരവാഹികൾ അറിയിച്ചു.

ജില്ലാ തെരഞ്ഞെടുപ്പിന് മുന്നോടിയായി പാലാരിവട്ടം എസ്എൻഡിപി യോഗം ഹാളിൽ നടന്ന 2024-26 വർഷത്തെ അവസാനത്തെ ജില്ലാ കൗൺസിൽ യോഗം ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജനറൽ സെക്രട്ടറി സി.എസ്.രാമചന്ദ്രൻ, ട്രഷറർ സി.എസ്.അജ്മൽ, വൈസ് പ്രസിഡന്റുമാരായ എം.സി.പോൾസൺ, ഡിലൈറ്റ് പോൾ എന്നിവർ പ്രസംഗിച്ചു.

2024-26 വർഷത്തെ വരവ് ചിലവ് കണക്കും യോഗം അംഗീകരിച്ചു. ജില്ലാ തിരഞ്ഞെടുപ്പ് യോഗം സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യുമെന്നും, വരണാധികാരിയായി തിരുവനന്തപുരം ജില്ലാ വർക്കിംഗ് പ്രസിഡന്റ് വൈ.വിജയനെ സംസ്ഥാന കമ്മിറ്റി നിയമിച്ചതായും ഭാരവാഹികൾ വാർത്താകുറിപ്പിലൂടെ അറിയിച്ചു.

കരാറുകാർ പിന്മാറി സ്മാർട്ട്സിറ്റി വഴിവിളക്കുകൾ മിഴിയടച്ചു

മട്ടാഞ്ചേരി: കൊച്ചി നഗരസഭ പരിധിയിൽ കൊച്ചി സ്മാർട്ട് സിറ്റി മിഷൻ വഴി സ്ഥാപിച്ച വഴിവിളക്കുകൾ പ്രവർത്തന രഹിതമായി. അറ്റകുറ്റപ്പണി നടത്തുന്നതിൽ കരാറുകാർ പിന്മാറിയതാണ് കാരണമെന്നാണ് ചൂണ്ടിക്കാട്ടുന്നത്. കാലവർഷം ശക്തമായതോടെ നടവഴികളും റോഡുകളും ഇരുട്ടിലായത് ജനങ്ങളെ വലയ്ക്കുകയാണ്. നഗരസഭയിൽ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി.എസ്.എം. എൽ സ്മാർട്ട് എൽ.ഇ.ഡി തെരുവ് വിളക്കുകൾ വ്യാപകമായി പ്രവർത്തനരഹിതമായതിനതിരെ ജനരോഷം ഉയരുകയാണ്.വിഷയത്തിൽ അടിയന്തിര നടപടി ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും തദ്ദേശ സ്വയംഭരണ മന്ത്രിക്കും പരാതി നൽകിയിരിക്കുകയാണ് പൊതുപ്രവർത്തകൻ ഷക്കീർ അലി.30 കോടിയോളം രൂപ ചിലവഴിച്ചാണ് നഗരത്തിൽ 40,000-ത്തിലധികം സ്മാർട്ട് എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചത്.

അധികൃതരുടെ അനാസ്ഥ മൂലം പദ്ധതി നിലവിൽ വൻ പരാജയമായി മാറിയിരിക്കുകയാണ്. മാസങ്ങൾക്ക് മുൻപ് തകരാറിലായ വിളക്കുകൾ പോലും അറ്റകുറ്റപ്പണി നടത്തി പുനഃസ്ഥാപിക്കാൻ കരാർ കമ്പനിക്ക് കഴിഞ്ഞിട്ടില്ല.. തദ്ദേശ സ്വയംഭരണ വകുപ്പ് അടിയന്തരമായി വിഷയത്തിൽ ഇടപെട്ട്, കെ.എസ്.ഇ.ബി, സി. എസ്.എം.എൽ, കൊച്ചി കോർപ്പറേഷൻ എന്നിവരുടെ സംയുക്ത യോഗം വിളിച്ച് ചേർക്കണമെന്നും തകരാറിലായ ലൈറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നന്നാക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യം ഉയർന്നിട്ടുണ്ട്.

റിയൽ എസ്റ്റേറ്റ് മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ അവഗണിച്ചു: കെർക്ക

കൊച്ചി: റിയൽ എസ്റ്റേറ്റ് മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ പാടെ അവഗണിച്ച ബജറ്റാണിതെന്ന് റിയൽ എസ്റ്റേറ്റ് കൺസൽട്ടന്റ്സ് അസോസിയേഷൻ (കെർക്ക) എറണാകുളം ജില്ല കമ്മിറ്റി കുറ്റപ്പെടുത്തി. ഏകീകൃത കമ്മീഷൻ വ്യവസ്ഥ തുടങ്ങി ഒട്ടേറെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. എന്നാൽ ഈ മേഖലയെ തൊഴിൽ വിഭാഗമായി അംഗീകരിക്കുന്ന ഒന്നും തന്നെ ഇല്ലാത്ത തീരെ നിരാശപ്പെടുത്തിയ ബജറ്റായിരുന്നു ധനമന്ത്രികൂടിയായ മുഖ്യമന്ത്രി അവതരിപ്പിച്ചതെന്ന് ജില്ല പ്രസിഡന്റ് മിഥുൻ ലാൽ മിത്ര പറഞ്ഞു.

പെരുമ്പടവം ശ്രീധരന് ഗാന്ധിസ്പന്ദന സാഹിത്യ പ്രതിഭാ ശ്രേഷ്ഠ പുരസ്കാരം സമ്മാനിച്ചു

ഇലഞ്ഞി: കേരള പ്രദേശ് ഗാന്ധിദർശൻ വേദി പിറവം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര വായനാദിനാചരണവും പുരസ്കാര സമർപ്പണവും സംഘടിപ്പിച്ചു. വായനാദിനാചരണത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'ഗാന്ധി സ്പന്ദന സാഹിത്യ പ്രതിഭാ ശ്രേഷ്ഠ പുരസ്കാരം' പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരന് സമ്മാനിച്ചു. നിയോജകമണ്ഡലം ചെയർമാൻ പ്രശാന്ത് പ്രഹ്ലാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ജി. ഷിബു പുരസ്കാര സമർപ്പണവും ഉദ്ഘാടനവും നിർവഹിച്ചു. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് പി. എൻ. പണിക്കരുടെ ഛായാചിത്രത്തിന് മുന്നിൽ പെരുമ്പടവം ശ്രീധരൻ അക്ഷരദീപം തെളിച്ചു.

വായനാദിനത്തോടനുബന്ധിച്ച് സാഹിത്യകാരി കവിത എം. കെ രചിച്ച 'കവിതയുടെ കഥകൾ' എന്ന ചെറുകഥാ സമാഹാരത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. പെരുമ്പടവം ശ്രീധരൻ അവതാരിക എഴുതിയ പുസ്തകം അദ്ദേഹം തന്നെയാണ് പ്രകാശനം ചെയ്തത്. ഗാന്ധി ദർശൻ വേദി ജില്ലാ വൈസ് ചെയർമാൻ കെ. സി. തോമസ് വായനാദിന സന്ദേശം നൽകി.

ഇലഞ്ഞി മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് സിജുമോൻ ജോസഫ്, ഗാന്ധി ദർശൻ വേദി ജില്ലാ സെക്രട്ടറി ജെയിംസ് കുറ്റിക്കോട്ടയിൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജിനി ജിജോയ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജിൻസി ജോയ്, ഗാന്ധിദർശൻ വേദി ഇലഞ്ഞി മണ്ഡലം ചെയർമാൻ വർഗീസ് കരിപ്പാടം, പിറവം മണ്ഡലം ചെയർമാൻ ഷിബു കരേക്കാട്ട്, കസ്തൂർബാ ഗാന്ധി ദർശൻ വേദി പിറവം മണ്ഡലം ചെയർപേഴ്സൺ കവിത എം. കെ, കൗൺസിലർ വി. ടി. പ്രതാപൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

കേരള പ്രദേശ് ഗാന്ധിദർശൻ വേദി പിറവം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വായനാദിനാചരണത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'ഗാന്ധി സ്പന്ദന സാഹിത്യ പ്രതിഭാ ശ്രേഷ്ഠ പുരസ്കാരം'ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ജി. ഷിബു പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരന് സമ്മാനിക്കുന്നു.

എംഎ കോളെജിൽ ഗ്രീൻ ഹൈഡ്രജൻ എനർജി വിദ്യാർഥികളുമായി സംവാദം

കോതമംഗലം: മാർ അത്തനേഷ്യസ് കോളെജിൽ പുതിയതായി ആരംഭിച്ച എം.എസ്.സി ഗ്രീൻ ഹൈഡ്രജൻ എനർജി കോഴ്സിന്റെ ആദ്യ ബാച്ച് വിദ്യാർത്ഥികളുമായി സംവദിച്ച് പ്രമുഖ ശാസ്ത്രജ്ഞൻ . കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കാലാവസ്ഥാ വ്യതിയാനം, ഊർജ്ജം, സുസ്ഥിര സാങ്കേതിക വിദ്യ വിഭാഗത്തിലെ ശാസ്ത്രജ്ഞനായ ഡോ. രഞ്ജിത് കൃഷ്ണ പൈയാണ് വിദ്യാർത്ഥികളുമായി സംവാദം നടത്തിയത്.

ഗ്രീൻ ഹൈഡ്രജൻ മേഖലയിലെ തൊഴിൽ സാധ്യതകളെയും, പുതിയ കരിയർ അവസരങ്ങളെക്കുറിച്ചുമെല്ലാം അദ്ദേഹം വിശദമായി സംസാരിച്ചു. ശുദ്ധവും സുസ്ഥിരവുമായ ഊർജ്ജ ഭാവിയിലേക്ക് ലോകം മുന്നേറുന്ന സാഹചര്യത്തിൽ ഗ്രീൻ ഹൈഡ്രജൻ നിർണായക പങ്ക് വഹിക്കുമെന്നും, ഗവേഷണം, വ്യവസായം, നയരൂപീകരണം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ വിപുലമായ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

ഹൈഡ്രജൻ മേഖലയിലെ നിലവിലെ വെല്ലുവിളികളെക്കുറിച്ച് സംസാരിക്കവെ, ഹൈഡ്രജൻ സംഭരണ സാങ്കേതികവിദ്യകൾ, സുരക്ഷാ മാനദണ്ഡങ്ങൾ, നയരൂപീകരണം എന്നിവയിൽ ഇന്ത്യ കൂടുതൽ മുന്നേറ്റം കൈവരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇന്ത്യയിലെ കോളെജുകളിൽ തന്നെ ആദ്യമായി അതും കേരളത്തിൽ ഇത്തരമൊരു കോഴ്സ് ആരംഭിച്ച മാർ അത്തനേഷ്യസ് കോളെജിനേയും, കോഴ്സിൽ ചേർന്ന വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നതിനോടൊപ്പം , ഗ്രീൻ ഹൈഡ്രജൻ മേഖലയിലെ ഇന്ത്യയുടെ ഭാവി വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന രാജ്യത്തിന്റെ നാളെയുടെ തൂണുകളായി ഈ വിദ്യാർത്ഥികൾ മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു .

എം.എസ്.സി ഗ്രീൻ ഹൈഡ്രജൻ എനർജി കോഴ്സിന്റെ ആദ്യ ബാച്ച് വിദ്യാർത്ഥികളുമായി പ്രമുഖ ശാസ്ത്രജ്ഞൻ ഡോ. രഞ്ജിത് കൃഷ്ണ പൈ സംവദിക്കുന്നു

പശ്ചിമ ബംഗാൾ സ്വദേശി കഞ്ചാവുമായി പിടിയിൽ

കോതമംഗലം: നെല്ലിക്കുഴിയിൽ എക്സൈസ് സംഘം ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ മിന്നൽ പരിശോധനയിൽ കഞ്ചാവുമായി പശ്ചിമ ബംഗാൾ സ്വദേശി അറസ്റ്റിൽ. മുർഷിദാബാദ് ജില്ലയിലെ രഘുനാഥ്പുർ വില്ലേജിൽ മുതുൾസെ (27) ആണ് 1.305 കിലോഗ്രാം ഉണക്ക കഞ്ചാവുമായി അറസ്റ്റിലായത്. പീസ് വാലിക്ക് സമീപം 314 ഭാഗത്തുനിന്നാണ് പ്രതിയെ പിടികൂടിയത്. അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിൽ വിൽപ്പനയ്ക്ക് കൊണ്ടുവന്ന കഞ്ചാവാണ് പിടികൂടിയത്. എക്സൈസ് ഇൻസ്പെക്ടർ എം.പി. പ്രമോദിന്റെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

കൂനമ്മാവ് ചാവറ മ്യൂസിയത്തിന് ബജറ്റിൽ ഒരു കോടി രൂപ

പറവൂർ: ചരിത്രപ്രസിദ്ധവും പുരാതനവുമായ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ചാവറ തീർത്ഥാടന കേന്ദ്രത്തിന് ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തി. 175 വർഷം പഴക്കമുള്ള മുറി, ആശ്രമ കെട്ടിടം, ചരിത്ര സാംസ്ക്കാരിക മ്യൂസിയം എന്നിവയുടെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കായിട്ടാണ് ഒരു കോടി രൂപ വകയിരുത്തിയത്. 2014 ൽ ഉമ്മൻചാണ്ടി സർക്കാരിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം സമർപ്പിച്ച് തുടർനടപടികൾ ആരംഭിക്കുന്നതിനിടയിൽ സർക്കാർ മാറി. പിന്നീട് വന്ന എൽ.ഡി.എഫ്. സർക്കാർ ഒരു കോടി രൂപ നിർമ്മാണ പ്രവർത്തനത്തിനായി അനുവദിച്ചിരുന്നു. എന്നാൽ ഇതുകൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാൻ കഴിഞ്ഞിരുന്നില്ല. രണ്ടാം എൽ.ഡി.എഫ്. സർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തിയെങ്കിലും 50,000/- രൂപ അനുവദിച്ചെങ്കിലും ലഭിച്ചില്ല. പിന്നീട് വി. ഡി. സതീശൻ സർക്കാരിന് തീർത്ഥാടനകേന്ദ്രം നൽകിയ നിവേദനത്തെ തുടർന്നാണ് ഒരു കോടി രൂപ അനുവദിച്ചത്. ഇനി നാല് കോടി രൂപ കൂടി ലഭിച്ചാൽ മാത്രമെ പൂർണ്ണമായും തുറന്നു കൊടുക്കാൻ കഴിയൂ എന്ന് തീർത്ഥാടനകേന്ദ്രം റെക്ടർ മോൺ. സെബാസ്റ്റ്യൻ ലൂയീസ് പറഞ്ഞു.

പണമില്ലാത്തതിനാൽ കഴിഞ്ഞ 5 വർഷമായി മ്യൂസിയത്തിന്റെ നിർമ്മാണം സ്തംഭിച്ചു കിടക്കുകയാണ്. ഒരു കോടി രൂപ പുതിയ സർക്കാർ അനുവദിച്ചതിൽ ഏറെ സന്തോഷമുണ്ടെന്നും, മുഖ്യമന്ത്രി വി. ഡി. സതീശന്റെ സാന്നിദ്ധ്യത്തിൽ തന്നെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും തീർത്ഥാടന കേന്ദ്രം റെക്ടറും ഫൊറോന വികാരിയുമായ മോൺസിഞ്ഞോർ സെബാസ്റ്റ്യൻ ലൂയീസ് പറഞ്ഞു.

കൂനമ്മാവ് സെന്റ് ഫീലോമിനാസ് ചാവറ തീർത്ഥാടന കേന്ദ്രത്തിലെ മ്യൂസിയ കെട്ടിടം.

572 കോടി രൂപയുടെ വികസന പദ്ധതികൾ കോതമംഗലത്തിന്

കോതമംഗലം: സംസ്ഥാന ബജറ്റിൽ കോതമംഗലം നിയോജക മണ്ഡലത്തിന് വൻ വികസന നേട്ടം. വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി അനുവദിച്ച തുകയും ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിയുടെ പ്രഖ്യാപനവും ഉൾപ്പെടെ 572 കോടിയിലധികം രൂപയുടെ വികസന കാഴ്ചപ്പാടാണ് ഇത്തവണത്തെ ബജറ്റിൽ കോതമംഗലത്തിനായി അവതരിപ്പിച്ചിരിക്കുന്നത്.

ബജറ്റ് അവതരണ വേളയിൽ ബജറ്റ് പ്രസംഗത്തിൽ തന്നെ പ്രത്യേകം പരാമർശിക്കപ്പെട്ട ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിയാണ് ശ്രദ്ധേയമായ പ്രഖ്യാപനം. ഏകദേശം 300 കോടി രൂപ ചെലവിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾക്കായി 21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കായിക മേഖലയ്ക്ക് പുതിയ ഊർജം പകരുന്നതിനൊപ്പം കോതമംഗലത്തെ ദേശീയ-അന്തർദേശീയ കായിക ഭൂപടത്തിൽ ശ്രദ്ധേയ കേന്ദ്രമാക്കാൻ കഴിയുന്ന പദ്ധതിയായാണ് ഇത് വിലയിരുത്തപ്പെടുന്നത്.

ഹരിപ്പാട് 400 കോടിയുടെ വികസന പദ്ധതികളുമായി രമേശ് ചെന്നിത്തല

ഹരിപ്പാട്: സംസ്ഥാന ബഡ്ജറ്റിൽ ഹരിപ്പാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി വൻ തുക അനുവദിച്ചതായി ആഭ്യന്തര-വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല അറിയിച്ചു. വിവിധ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി മാത്രം 20 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിനുപുറമേ, മണ്ഡലത്തിൽ നടപ്പിലാക്കാൻ ശുപാർശ ചെയ്തിരുന്ന 380 കോടി രൂപയുടെ വിവിധ പദ്ധതികളും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണത്തിനായി അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകി.

ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ്

രജിസ്റ്റേഡ് ഓഫീസ്: ഗ്രേപ്പ് ഗാർഡൻ, നമ്പർ 27, 3ാം "എ" ക്രോസ്, 18-ാം മെയിൻ, 6-ാം ബ്ലോക്ക്, കോറമംഗല, ബെംഗളൂരു – 5600095, കർണാടക.
ശാഖ ഓഫീസ്: നമ്പർ 67/2926(1), ഗ്രൗണ്ട് ഫ്ലോർ, വിതയത്തിൽ ബിൽഡിംഗ്, ഓൾഡ് റെയിൽവേ സ്റ്റേഷൻ റോഡ്, എറണാകുളം നോർത്ത്, കേരളം – 682018.

ഇ-ലേലം നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് (സർഫേസി ആക്ട്) 2002 പ്രകാരം, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6), 9(1) ഉൾപ്പെടുത്തിക്കൊണ്ടുള്ള വിൽപ്പന നോട്ടീസ്.

ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, സർഫേസി നിയമത്തിലെ സെക്ഷൻ 13(4) പ്രകാരം ലഭിച്ച അധികാരം ഉപയോഗിച്ച് താഴെ വിവരിച്ചിരിക്കുന്ന വസ്തു ഏറ്റെടുത്തിരിക്കുന്നു. വായ്പക്കാരനെയും പൊതുജനങ്ങളെയും അറിയിക്കുന്നതെന്തെന്നാൽ, ബാങ്കിന് നൽകേണ്ട കുടിശിക തുക ഈടാക്കുന്നതിനായി, താഴെ പറയുന്ന വായ്പാ അക്കൗണ്ടുമായി ബന്ധപ്പെട്ട പണയവസ്തുവിന്റെ ഇ-ലേലം വസ്തു നിലവിൽ എവിടെയാണോ, എന്താണോ അതേ അവസ്ഥയിൽ താഴെ പറയുന്ന തിയതിയിൽ നടത്തുന്നതാണ്.

വായ്പ അക്കൗണ്ട് നമ്പർ വായ്പക്കാരൻ / സഹ വായ്പക്കാരൻ / ജാമ്യക്കാരൻ	(i)13-2 നോട്ടീസ് തിയതിയും ഡിമാൻഡ് തുകയും (ii) ഏറ്റെടുത്ത തിയതി	നിലവിലെ കുടിശ്ശിക തുക	റിസർവ് വില രൂപയിൽ	ഏണസ്റ്റ് മണി ഡെപ്പോസിറ്റ് (ഇഎംഡി) രൂപയിൽ
119321009000001 M/s. അന്തിമലിൽ ഫുഡ്സ് ശ്രീ എ.എം. സുരേന്ദ്രൻ ശ്രീമതി ശോഭ കെ.സി.	(i) 12.02.2025, ₹82,57,641/- (എൺപത്തിരണ്ട് ലക്ഷത്തി അമ്പത്തിയേഴായിരത്തി അറുനൂറ്റി നാൽപ്പത്തൊന്ന് രൂപ മാത്രം) 29.01.2025 ലെ കണക്കുപ്രകാരം. (ii)പ്രതീകാത്മക ഏറ്റെടുക്കൽ: 10.07.2025 ഭൗതിക ഏറ്റെടുക്കൽ: 15.01.2026	₹ 99,69,610.6 (തൊണ്ണൂറ്റൊൻപത് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി അറുനൂറ്റി പത്ത് രൂപ ആറ് പൈസ മാത്രം) 16.06.2026 ലെ കണക്കുപ്രകാരം.	₹ 95,00,000/- (തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം)	₹ 9,50,000/- (ഒൻപത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)

വസ്തുവിന്റെ വിശദാംശങ്ങൾ: മരട് വില്ലേജിലെ റീ-സർവേ നമ്പർ 377/5, പഴയ സർവേ നമ്പർ 572, ബ്ലോക്ക് നമ്പർ 13 എന്നിവയിൽ ഉൾപ്പെട്ട 28.35 ആർസ് ഭൂമിയിലെ 1/60 അവിഭക്ത ഓഹരി ഉൾപ്പെടുന്ന സ്വത്ത്. അതോടൊപ്പം ഗ്രാൻഡ് മൈഡാസ് എന്നു പേരുള്ള കെട്ടിടത്തിലെ മൂന്നാം നിലയിലെ അപ്പാർട്ട്മെന്റ് നമ്പർ 3B,13.58 ചതുരശ്ര മീറ്റർ സൂപ്പർ ബിൽറ്റ്-അപ്പ്, ഗ്രൗണ്ട് ഫ്ലോറിലെ കവേർഡ് കാർ പാർക്കിംഗ് സ്ഥലം പൊതുവായ സൗകര്യങ്ങൾ ഉൾപ്പെടെ, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല. റീ സർവേ നമ്പർ 377/5 ലെ 28.35 ആഴ്സിന്റെ അതിർത്തികൾ ലൊക്കേഷൻ സ്കെച്ച് പ്രകാരം (795/2022-23) : കിഴക്ക്: റോഡ്, തെക്ക്: തോമസ് വയലാത്ത് എന്ന വ്യക്തിയുടെ സ്വത്ത്, പടിഞ്ഞാറ്: കനാൽ, വടക്ക്: നാഗ്പാൽ ബിൽഡേഴ്സിന്റെ സ്വത്ത്.

ഇ-ലേലം തിയതിയും സമയവും: 15.07.2026, രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ

ബിഡ് സമർപ്പിക്കാനുള്ള അവസാന തിയതി	വസ്തു പരിശോധിക്കാനുള്ള തിയതിയും സമയവും
14.07.2026-ന് അല്ലെങ്കിൽ അതിന് മുമ്പ്, രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ	13.07.2026, രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

കൂടുതൽ വിവരങ്ങൾക്ക് ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥരെ ബന്ധപ്പെടുക: ശ്രീ. ആദിത്യ – 95435 91627 & ശ്രീ. ടിജോ സാജൻ – 78451 92961

ഈ ഇ-ലേലം വസ്തു നിലവിൽ എവിടെയാണോ, എന്താണോ അതേ അവസ്ഥയിൽ നടത്തുന്നതാണ്.
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് അംഗീകരിച്ച ഇ-ലേലം സേവനദാതാവായ M/s. സി വൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മുഖേനയാണ് ഇ-ലേലം നടത്തുന്നത്.ബന്ധപ്പെടേണ്ട വ്യക്തി: ശ്രീ. പ്രഭാകരൻ (മൊബൈൽ: 74182 81709)
ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ വസ്തുവിന്റെ വിശദാംശങ്ങൾ അറിയുന്നതിനായി താഴെ പറയുന്ന വെബ്സൈറ്റുകൾ സന്ദർശിക്കണം: https://www.bankeauctions.com, https://www.ujjivansfb.in/e-auctions ബിഡിൽ പങ്കെടുക്കുന്നതിനായി, പങ്കെടുക്കുന്നവർ https://www.bankeauctions.com എന്ന പോർട്ടലിൽ സ്വന്തം പേര് രജിസ്റ്റർ ചെയ്ത് സൗജന്യമായി യൂസർ ഐഡിയും പാസ് വേഡും നേടണം. ലേല സേവനദാതാവായ M/s. സി വൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് വഴി ഇ-ലേലവുമായി ബന്ധപ്പെട്ട ഓൺലൈൻ പരിശീലനം ലഭ്യമാണ്. ഹെൽപ്പ്ലൈൻ നമ്പറുകൾ: 72919 18824, 25, 26, സപ്പോർട്ട് ഇ-മെയിൽ: support@bankeauctions.com ലേലം പോർട്ടൽ: https://www.bankeauctions.com
വിൽപ്പനയുടെ വിശദമായ നിബന്ധനകളും വ്യവസ്ഥകളും അറിയുന്നതിനായി ബാങ്കിന്റെ / സുരക്ഷിത വായ്പാദാതാവിന്റെ വെബ്സൈറ്റിലെ ലിങ്ക് പരിശോധിക്കുക: https://www.ujjivansfb.in/e-auctions / https://www.bankeauctions.com

ഒപ്പ്/- അംഗീകൃത ഓഫീസർ
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്

തിയതി: 21.06.2026